ESPATCHED
on..28/9..22.



സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം-695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 563(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 8163/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 സെപ്റ്റംബർ 24

ശ്രീമതി. ഗോപികാ കൃഷ്ണാ,
നക്ഷത്ര (എച്ച്),
കുഴിമറ്റം പി.ഒ.,
കോട്ടയം – 686 533.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സ്റ്റേഷൻ ഹൗസ് ഓഫീസർ,
ചിങ്ങവനം പോലീസ് സ്റ്റേഷൻ,
കോട്ടയം.
2. അപ്പീൽ അധികാരി &
ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്,
ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസിന്റെ കാര്യാലയം,
ചങ്ങനാശ്ശേരി, കോട്ടയം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 15.2.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 24.3.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 21.3.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 23.4.2022, 30.5.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 28.4.2022, 31.5.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 7.6.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 16.6.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 22.9.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ &<br>അപ്പീൽ അധികാരി | ഹാജരായി<br><br>എതിർകക്ഷികൾ ഹാജരായി |

## ഉത്തരവ്

ശ്രീമതി. ഗോപികാ കൃഷ്ണാ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ 15.2.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി ലഭ്യമാകാത്തതിനാൽ 21.3.2022 തീയതി ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും ആയതിനെ

തുടർന്ന് ചിങ്ങവനം പോലീസ് സ്റ്റേഷനിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടിയിൽ പൂർണ്ണമായ മറുപടിയും ആവശ്യപ്പെട്ട രേഖകളുടെ പകർപ്പും നൽകിയില്ലെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് നടപടികൾ സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 15.2.2022-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത്, ടിയാൾ 19.4.2020 തീയതിയിൽ മനോജ്കുമാർ, കുട്ടുമ്മേൽ, വെള്ളുത്തുരുത്തി എന്ന വ്യക്തിയ്ക്കെതിരായി ഒന്നാം എതിർകക്ഷിയുടെ ഓഫീസിൽ ഒരു പരാതി നേരിട്ട് നൽകുകയും ആയതിന്മേൽ 20.4.2020 തീയതിയിൽ ഹിയറിംഗിനായി ഹാജരാകുകയും ചെയ്തിരുന്നു എന്നും ടി പരാതിയുടെയും പരാതിയിന്മേലുണ്ടായ തീർപ്പിന്റെയും പകർപ്പ് ലഭ്യമാക്കണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 30 ദിവസത്തിനുശേഷവും മറുപടി ലഭിക്കാത്തതിനാൽ 21.3.2022 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ നൽകിയതായി കാണുന്നു. ടി അപ്പീൽ ലഭിച്ചതിനെ തുടർന്ന് 24.3.2022-ന് ഒന്നാം എതിർകക്ഷി ഹർജിക്കാരിക്ക് നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, 19.4.2020 തീയതി നൽകിയ പരാതി സ്റ്റേഷൻ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതാണെന്നും കണ്ടെത്തുന്ന മുറയ്ക്ക് അയച്ചു തരുന്നതാണെന്നും പരാതി തീർപ്പാക്കിയിട്ടില്ലാത്തതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരിയുടെ അപേക്ഷ പരിശോധിച്ചതിൽ അപേക്ഷക ചിങ്ങവനം പോലീസ് സ്റ്റേഷനിൽ 19.4.2020 തീയതി നൽകിയ പരാതിയുടെ പകർപ്പും, പരാതി തീർപ്പാക്കിയതിന്റെ പകർപ്പും ആവശ്യപ്പെട്ട് ചിങ്ങവനം പോലീസ് സ്റ്റേഷൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് 15.2.2022 തീയതി നൽകിയ വിവരാവകാശ അപേക്ഷയിൽ മറുപടി ലഭിക്കാത്തതിനെ തുടർന്ന് അപേക്ഷക ഒന്നാം അപ്പീൽ അധികാരിയായ ചങ്ങനാശ്ശേരി ഡെപ്യൂട്ടി പോലീസ് സുപ്രണ്ടിന് 21.3.2022-ന് അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടും ഒന്നാം അപ്പീൽ അധികാരി ടിയാൾക്ക് മറുപടി നൽകിയില്ലായെന്നും, 24.3.2022 തീയതി ചിങ്ങവനം പോലീസ് സ്റ്റേഷൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകയുടെ 15.2.2022 തീയതിയിലെ അപേക്ഷക്ക് അപൂർണമായ മറുപടിയും, പകർപ്പും നൽകിയിട്ടുള്ളതാകുന്നു എന്നുമാണ്. ചിങ്ങവനം പോലീസ് സ്റ്റേഷൻ എസ്.പി.ഐ.ഒ മറുപടി നൽകിയില്ല എന്ന് കാണിച്ച് അപേക്ഷക ഒന്നാം അപ്പീൽ അധികാരിയായ ഡെപ്യൂട്ടി പോലീസ് സുപ്രണ്ട് ചങ്ങനാശ്ശേരിക്ക് നൽകിയ അപ്പീൽ അപേക്ഷ ടി ഓഫീസിൽ 21.3.2022 തീയതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള രേഖകളും പകർപ്പ് 5 ദിവസത്തിനുള്ളിൽ അപേക്ഷകയ്ക്ക് അയച്ചു നൽകുന്നതിന് നിർദ്ദേശിച്ചു കൊണ്ട് ചിങ്ങവനം പോലീസ് സ്റ്റേഷൻ എസ്.പി.ഐ.ഒയ്ക്ക് അന്നേ ദിവസം തന്നെ അയച്ചു നൽകിയിരുന്നതും ടി വിവരം അറിയിച്ചുകൊണ്ട് 22.3.2022 തീയതി അപേക്ഷകയ്ക്ക് ടി ഓഫീസിൽ നിന്നും മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിച്ചതിലും ഹർജിക്കാരിയേയും ഒന്നാം എതിർകക്ഷിയേയും നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ, ഹർജിക്കാരി ചിങ്ങവനം പോലീസ് സ്റ്റേഷനിൽ നൽകിയ പരാതി നഷ്ടപ്പെട്ടതായും ആയതിന്റെ അടിസ്ഥാനത്തിലാണ് ഒന്നും രണ്ടും എതിർകക്ഷികൾ

ഹർജിക്കാരിയ്ക്ക് മറുപടി നൽകിയതെന്നും കമ്മീഷന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ സ്ഥലം മാറ്റപ്പെട്ട പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യ്ക്ക് ഉണ്ടായ വീഴ്ചയ്ക്ക് ടിയാനിൽ നിന്ന് വിശദീകരണം വാങ്ങി ചിങ്ങവനം ഡി.വൈ.എസ്.പി കൂടിയായ ഒന്നാം അപ്പീൽ അധികാരി ഈ ഉത്തരവ് ലഭിച്ച് 20 ദിവസത്തിനകം കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. മേൽ വിശദീകരണം പരിശോധിച്ച് കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇതോടൊപ്പം ഹർജിക്കാരിയുടെ പരാതി രേഖപ്പെടുത്തിയ പെറ്റീഷൻ രജിസ്റ്ററിന്റെ ബന്ധപ്പെട്ട പേജുകൾ സാക്ഷ്യപ്പെടുത്തി ഒന്നാം എതിർകക്ഷി ഹർജിക്കാരിക്ക് അയച്ചു കൊടുക്കേണ്ടതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 സെപ്റ്റംബർ 24-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk